സ്റ്റേറ്റ് പ്രോഗ്രാം മോണിട്ടറിംഗ് & സപ്പോർട്ട് യൂണിറ്റ്,
ദേശീയ ആരോഗ്യ ദൗത്യം,
ജനറൽ ആശുപത്രിക്ക് സമീപം,
തിരുവനന്തപുരം -35.
Email: smdnrhm@gmail.com
Website:www.arogyakeralam.gov.in

NATIONAL HEALTH MISSION

## സർക്കുലർ

സർക്കുലർ നം: എൻ.എച്ച്.എം./1298/CSD/2020/SPMSU തീയതി, തിരുവനന്തപുരം , 21.04.2020

വിഷയം:- രാജ്യത്ത് കോവിഡ് 19 പടരുന്ന സാഹചര്യത്തിൽ ആശാ പ്രവർത്തകർക്ക് ഇൻസന്റീവ് നൽകുന്നത് സംബന്ധിച്ച്

സൂചന :- 1. എൻ എച്ച് എം 3523/സി എസ് ഡി /എസ് പി എം എസ് യു, തിയതി:08/05/2019
2. G.O (Rt) No. 731/2020/H&FWD തിയതി 18/04/2020

രാജ്യത്ത് കോവിഡ് 19 പടരുന്ന സാഹചര്യത്തിൽ ആശാ പ്രവർത്തകർ ഉൾപ്പെടെയുള്ള എല്ലാ ആരോഗ്യ പ്രവർത്തകരും പ്രതിരോധ പ്രവർത്തനങ്ങളിൽ വ്യാപൃതരാണ്. സാധാരണ പ്രവർത്തനങ്ങളേക്കാൾ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഇവർ പ്രാധാന്യം നൽകേണ്ടതുമുണ്ട്.

സൂചന (1) പ്രകാരം ആശാ പ്രവർത്തകർക്ക് നിശ്ചിത ഇൻസന്റീവും ഹോണറേറിയവും ലഭിക്കുന്നതിന് ചില നിബന്ധനകൾ ബാധകമാണ്. എന്നാൽ മാർച്ച് 2020 മുതൽ എല്ലാ ആശാ പ്രവർത്തകരും കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിൽ മുഴുവൻ സമയ ഡ്യൂട്ടിയിലായതിനാൽ വരുന്ന മൂന്നു മാസ കാലയളവിൽ (മാർച്ച് -മെയ്) നിബന്ധനകൾ പരിശോധിക്കാതെ നിശ്ചിത ഇൻസന്റീവും ഹോണറേറിയവും നൽകേണ്ടതാണ്.
കൂടാതെ മേൽ സൂചന (2) പ്രകാരം 2020 മാർച്ച് മാസം മുതൽ മെയ് 2020 വരെ ആശാപ്രവർത്തകർക്ക് താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് അഡീഷണൽ ഇൻസന്റീവായി പ്രതിമാസം 1000/- രൂപ ലഭിക്കുന്നതാണ്. ചെയ്യേണ്ട പ്രവർത്തനങ്ങൾ താഴെ പറയുന്നു:

1. കോവിഡ് പ്രതിരോധ പ്രവർത്തന കാലയളവിൽ വിദേശത്തു നിന്നു വന്നവരുടേയും കോവിഡ് രോഗ ബാധിത സംസ്ഥാനങ്ങളിൽ നിന്നു വന്നവരുടേയും ലിസ്റ്റ് തയ്യാറാക്കുകയും അത് മേലധികാരികളെ അറിയിക്കുകയും ചെയ്യുക.
2. വിദേശത്തു നിന്നോ കോവിഡ് ബാധിത പ്രദേശങ്ങളിൽ നിന്നോ വന്നവർ വീടുകളിൽ നിരീക്ഷണത്തിൽ തുടരുന്നുണ്ടോ എന്ന് ഫോണിലൂടേയോ നേരിട്ടോ അന്വേഷിക്കുകയും നിബന്ധനകൾ പാലിക്കാത്തവരെ ബോധവൽക്കരിക്കുകയും റിപ്പോർട്ട് അധികാരികൾക്ക് കൈമാറുകയും ചെയ്യുക.
3.നിരീക്ഷണത്തിലുള്ളവർക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം ആവശ്യമുണ്ടെങ്കിൽ ബന്ധപ്പെട്ടവരുടെ സഹകരണത്തോടും സഹായത്തോടുംകൂടി ലഭ്യമാക്കുക. നേരിട്ടോ ഇടപെടേണ്ട ആവശ്യമുണ്ടെങ്കിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മാത്രം നിർവ്വഹിക്കുക.
4. 60 വയസ്സിനു മുകളിൽ പ്രയമുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കുകയും അവരിൽ എൻ സി ഡി രോഗികളുടെ ലിസ്റ്റ്

Draft #1 of File NHM/1298/CSD/2020/SPMSU Approved by State Mission Director on 21-Apr-2020 01:21 PM - Page 1

പ്രത്യേകം തയ്യാറാക്കുകയും ആവശ്യമെങ്കിൽ മാത്രം ഡോക്ടറുടെ നിർദ്ദേശാനുസരണം മരുന്നുകൾ വീടുകളിൽ എത്തിച്ച് നൽകുക.

5. ഡയാലിസിസ് ചെയ്യുന്നവർ, കിഡ്നി സംബന്ധമായ മറ്റ് അസുഖങ്ങൾ ഉള്ളവർ, ഹൃദയ സംബന്ധമായ അസുഖങ്ങൾ ഉള്ളവർ എന്നിവരെ പ്രത്യേകം ബോധവൽക്കരിക്കുകയും ആവശ്യമായ സഹായം ലഭ്യമാക്കുകയും ചെയ്യുക.

6.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ പ്രവർത്തകർ തുടങ്ങിയവർ മുഖേന നടത്തുന്ന ബോധവൽക്കരണ പരിപാടികളിൽ പങ്കാളികളാവുക.

മേൽ പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ജെ പി എച്ച് എൻ മാർ വിലയിരുത്തി അർഹരായ ആശാപ്രവർത്തകർക്ക് അഡീഷണൽ ഇൻസന്റീവ് പ്രതിമാസം 1000/- രൂപ ആശാ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തേണ്ടതാണ്.

അഡീഷണൽ ഇൻസന്റീവ് നൽകാൻ ആവശ്യമായ തുക B.31.4 എന്ന ശീർഷകത്തിൽ നിന്നു വഹിക്കേണ്ടതാണ്.

Dr.Rathan U. Kelkar IAS
സ്റ്റേറ്റ് മിഷൻ ഡയറക്ടർ

സ്വീകർത്താവ്

All District Programme Managers
SPM NHM
HSD

Draft #1 of File NHM/1298/CSD/2020/SPMSU Approved by State Mission Director on 21-Apr-2020 01:21 PM - Page 2

The document is digitally approved. Hence signature is not needed.